**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1847** **15-03-2022 - ൽ മറുപടിയ്ക്ക്**

**മോട്ടോർ വാഹന വകുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹനവകുപ്പിൽ 10 വർഷത്തിലധികമായി ജോലിചെയ്തുവരുന്ന പ്രോജക്ട് സ്റ്റാഫിനെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | ഇപ്രകാരമുള്ള സ്റ്റാഫിനെ മോട്ടോർ വാഹന വകുപ്പിൽ സി.ഡിറ്റാണ് കരാറടിസ്ഥാനത്തിൽ നൽകി വരുന്നത്. |
| (ബി) | വകുപ്പിലെ ഏതൊക്കെ സേവനങ്ങൾ ഇനിയും ഓൺലൈൻ ആക്കാതെ അവശേഷിക്കുന്നുണ്ട്; | (ബി) | ജി-ഫോം സംബന്ധമായ സേവനങ്ങൾ, വിവിധ തരം പാസുകൾ, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി സേവനം, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, പഴയ ചെക്ക് റിപ്പോർട്ട് പിഴ രാജിയാക്കൽ, വാഹനം പരിശോധിക്കേണ്ടതും വ്യക്തികളുടെ മികവ് തെളിയിക്കേണ്ടതുമായ സേവനങ്ങൾ (ഡ്രൈവിംഗ് ലൈസൻസ്, വാഹന പരിശോധന നിർബന്ധമാക്കിയ സേവനങ്ങൾ തുടങ്ങിയവ) എന്നിവ ഇനിയും ഓൺലൈൻ ആകാതെ അവശേഷിക്കുന്നുണ്ട്. |
| (സി) | എഫ്.എം.എസ്. പ്രോജക്ട് ഊരാളുങ്കൽ സൊസൈറ്റിയെ ഏൽപ്പിക്കാൻ വകുപ്പിലെ ഒരു വിഭാഗം ജീവനക്കാർ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | വകുപ്പിൽ ഐ.ടി. സേവനം നൽകിവരുന്ന സംസ്ഥാന പൊതുമേഖല സ്ഥാപനത്തെ ഒഴിവാക്കാൻ ആലപ്പുഴ ആർ.ടി. ഓഫീസ് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ നീക്കം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഇ) | വകുപ്പിൽ മുമ്പ് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയ ഇടപാടുകളിൽ പ്രസ്തുത ഉദ്യോഗസ്ഥൻ അഴിമതി നടത്തിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അന്വേഷിച്ച് നടപടിയെടുക്കുമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (എഫ്) | വകുപ്പിന്റെ നിലവിലെ സേവന ദാതാവായ സി- | (എഫ്) | സി-ഡിറ്റുമായുള്ള എഗ്രിമെന്റ് നിലവിൽ വന്ന 2018 |

| | | | |
|---|---|---|---|
| | ഡിറ്റിന് 31-12-2021 വരെ എത്ര രൂപ കുടിശിക നൽകാനുണ്ട്; വിശദമാക്കുമോ? | | ഫെബ്രുവരി 1 മുതൽ 2021 ഡിസംബർ 31 വരെ, സി-ഡിറ്റ് 36,24,77,070/- രൂപയുടെ (മുപ്പത്തിയാറ് കോടി ഇരുപത്തിനാല് ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുപത് രൂപയുടെ) ബില്ലുകളാണ് സമർപ്പിച്ചിട്ടുള്ളത്. അതിൽ 32,92,50,667/-രൂപ (മുപ്പത്തിരണ്ട് കോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി അമ്പതിനായിരത്തി അറുന്നൂറ്റി അറുപത്തിയേഴ് രൂപ) സി-ഡിറ്റിന് ഇതിനോടകം നൽകുകയും 1,87,27,319/- രൂപ (ഒരു കോടി എൺപത്തിയേഴ് ലക്ഷത്തി ഇരുപത്തിയേഴായിരത്തി മുന്നൂറ്റി പത്തൊൻപത് രൂപ) ഡൌൺ ടൈം ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 1,44,99,084/- രൂപ (ഒരു കോടി നാൽപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി ഒമ്പതിനായിരത്തി എൺപത്തിനാല് രൂപ) നൽകുന്നതിന് സി-ഡിറ്റ് സമർപ്പിച്ച ബില്ലുകൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ